പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ **03.02.2014** ൽ മറുപടിക്ക്

ചോദ്യം നമ്പർ: **4164**

ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും കനാലിന്റെ പൂർത്തീകരണ ജോലികളും

| | ചോദ്യം<br><br>ശ്രീ. ജി. എസ്. ജയലാൽ | | മറുപടി<br><br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കല്ലട ഇറിഗേഷൻ പദ്ധതിയുടെ 23-ാം കിലോമീറ്ററിലെ ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും തുടർന്ന് 33-ാം കിലോമീറ്റർ വരെയുള്ള കനാലിന്റെ പൂർത്തീകരണ ജോലികളും നാളിതുവരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിലേയ്ക്ക് 13-ാം ധനകാര്യ കമ്മീഷനിൽ നിന്നും ആവശ്യമായ തുക ലഭിക്കാത്ത സാഹചര്യത്തിൽ ഇ. ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭ്യമാക്കുവാൻ നാളിതുവരെ എന്ത് നടപടികളാണ് ഉദ്യോഗസ്ഥ തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഉചിതമായ ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ടി 4.5 കോടി രൂപയ്ക്കുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് 'ഇ. ആർ. എം - എ.ഐ.ബി.പി.' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത ജോലികൾ പൂർത്തീകരിക്കുന്നതിലേയ്ക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ